(2) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഏഴാമത് റിപ്പോർട്ട്

ശ്രീ. ടി. വി. ചന്ദ്രമോഹൻ: സർ, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലു മുതൽ ഒൻപതു വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. എ. കെ. മണി: സർ, പട്ടികജാതി-പട്ടിക വർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാലു മുതൽ ഒൻപതുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : നിയമനിർമ്മാണം.....ഫിനാൻസ് മിനിസ്റ്റർ.....

VII ക്രമപ്രശ്നം

(1) നിയമസഭാ സമിതിയുടെ രൂപീകരണം സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, റൂൾ 180 അനുസരിച്ച് ഒരു നിയമസഭാ കമ്മിറ്റിയിലെ അംഗങ്ങളെ അതാതു സംഗതിപോലെ സഭ നിയമിക്കുകയോ, തെരഞ്ഞെടുക്കുകയോ അല്ലെങ്കിൽ സ്പീക്കർ നാമനിർദ്ദേശം ചെയ്യുകയോ വേണമെന്നാണ് പറയുന്നത്. ഇവിടെ ധനാഭ്യർത്ഥന ചർച്ചകൾ കഴിഞ്ഞു; ഫിനാൻസ് ബില്ലിലേക്ക് കടന്നു. ധനാഭ്യർത്ഥന ചർച്ചയ്ക്കിടയിൽ വനം വകുപ്പിന്റെ ചർച്ച നടക്കുന്ന സമയത്ത് വനം വകുപ്പുമന്ത്രി സ്വയം ഒരു നിയമസഭാ കമ്മിറ്റിയുടെ അന്വേഷണത്തെ നേരിടാമെന്ന് സഭയ്ക്ക് ഉറപ്പു നൽകി. ആ നിയമസഭാ കമ്മിറ്റിയെ എപ്പോഴാണ് തെരഞ്ഞെടുക്കുക? പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഞങ്ങളോട് ചർച്ച ചെയ്തിട്ടില്ല, സ്പീക്കറുടെ ഓഫീസിൽ നിന്നും ഒന്നും പറഞ്ഞിട്ടില്ല. ഈ കമ്മിറ്റി എപ്പോഴാണ് രൂപീകരിക്കുന്നത്. അതിനെക്കുറിച്ച് അറിഞ്ഞാൽ കൊള്ളാം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, നമ്മുടെ നിയമസഭയിൽ ഡിബേറ്റ് ചർച്ചയിൽത്തന്നെ ഇങ്ങനെയുള്ള സാഹചര്യമുണ്ടായിട്ടുണ്ട്. ഇവിടെ ശ്രീ. കെ. ചന്ദ്രശേഖരൻ വിദ്യാഭ്യാസ മന്ത്രിയായിരുന്ന സന്ദർഭത്തിൽ അദ്ദേഹം വോളന്ററിയായിട്ട് സമ്മതിച്ച ഒരു കമ്മിറ്റിയുടെ രൂപീകരണം പറഞ്ഞിട്ടുണ്ട്. അതിനുള്ള നടപടിക്രമം നമ്മുടെ നിയമസഭയിലുണ്ട്. അങ്ങനെയുള്ള പ്രീസിഡന്റ് ഉണ്ട്. ആ പ്രീസിഡന്റ് അനുസരിച്ച് ചെയ്യാവുന്നതേയുള്ളൂ.....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അത് ചെയർ റൂൾ ചെയ്യണ്ടേ?

മി. ഡെപ്യൂട്ടി സ്പീക്കർ: അത് ചെയ്യാം. .....ധനകാര്യ വകുപ്പുമന്ത്രി.....

LIBRARY ARCHIVES Kerala Legislative Assembly